"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - OA.No.1570/2020-ാം നമ്പർ കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 10.01.2024-ൽ പുറപ്പെടുവിച്ച വിധിന്യായം - നടപ്പിലാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.512/2024/LBR തീയതി,തിരുവനന്തപുരം, 17-04-2024

---

പരാമർശം:-

1. ശ്രീമതി.സ്റ്റെഫി ക്രിസ്റ്റിൻ തോമസ് സർക്കാരിൽ സമർപ്പിച്ച 28.11.2017 തീയതിയിലെ അപേക്ഷ.
2. ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറുടെ 21-12-2017 തീയതിയിലെ എൽ3/7697/2017/ഫാ&ബോ നമ്പർ കത്ത്.
3. 26/05/2018-തീയതിയിലെ ബി2/360/2017/തൊഴിൽ നമ്പർ സർക്കാർ കത്ത്.
4. ശ്രീമതി.സ്റ്റെഫി ക്രിസ്റ്റിൻ തോമസ് സർക്കാരിൽ സമർപ്പിച്ച 30.06.2019 തീയതിയിലെ അപേക്ഷ (Annexure-8).
5. 26/08/2019 തീയതിയിലെ ബി2/210/2019/തൊഴിൽ നമ്പർ സർക്കാർ കത്ത്.
6. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA.No.1570/2020-ാം നമ്പർ കേസിൽ 10.01.2024-ൽ പുറപ്പെടുവിച്ച വിധിന്യായം.

**<u>ഉത്തരവ്</u>**

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ സീനിയർ ക്ലർക്കായിരിക്കെ മരണപ്പെട്ട ശ്രീമതി.വി.സി.ഏലിക്കുട്ടിയുടെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരുന്ന ടിയാളുടെ ഭർത്താവ് 16/01/2011-ൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാളുടെ അവിവാഹിതയായ മകൾ ശ്രീമതി. സ്റ്റെഫി ക്രിസ്റ്റിൻ തോമസിന് മുൻകാല പ്രാബല്യത്തിൽ കുടുംബ പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനുവേണ്ടി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.No.1570/2020 കേസിൻമേൽ പരാമർശം (6) പ്രകാരമുള്ള വിധിന്യായത്തിൽ, 2005 (2) KLT 137-ൽ റിപ്പോർട്ട് ചെയ്ത വിധിയുടെ വെളിച്ചത്തിലും രണ്ടാം പ്രതിഭാഗം (ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ) നൽകിയ ശുപാർശയുടെ വെളിച്ചത്തിലും വിധിയുടെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ശ്രീമതി.സ്റ്റെഫി ക്രിസ്റ്റിൻ തോമസ് സമർപ്പിച്ച 30.06.2019-ലെ അപേക്ഷ (Annexure-8) പുനഃപരിഗണിക്കുവാൻ ഉത്തരവായിരുന്നു.

2. ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ യു.ഡി.ക്ലർക്കായി ജോലി ചെയ്തിരുന്ന അപേക്ഷകയുടെ മാതാവായ ശ്രീമതി.വി.സി.ഏലിക്കുട്ടി 22.08.2006-ൽ മരണപ്പെടുകയും തുടർന്ന് പിതാവായ

ശ്രീ.മത്തായിക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിരുന്നു. തുടർന്ന് 16.01.2011-ൽ പിതാവ് മരണപ്പെടുകയും, മകളായ ശ്രീമതി.സ്റ്റെഫി ക്രിസ്റ്റിൻ തോമസ് (അപേക്ഷക) ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് മുഖാന്തിരം അമ്മയുടെ സർവ്വീസ് ആനുകൂല്യങ്ങൾക്കു വേണ്ടി അക്കൗണ്ടന്റ് ജനറലിനു അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ അപേക്ഷ സമർപ്പിച്ച തീയതി മുതൽ മാത്രമെ അക്കൗണ്ടന്റ് ജനറൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചുള്ളൂ. പിതാവിന്റെ മരണവും തുടർന്നുണ്ടായ മാനസികപ്രയാസങ്ങളും മൂലമാണ് അപേക്ഷകയ്ക്ക് യഥാസമയം പെൻഷൻ ആനുകൂല്യങ്ങൾക്കു അപേക്ഷിക്കാൻ സാധിക്കാഞ്ഞത് എന്നും ആയതിനാൽ ടിയാൾക്ക് അച്ഛൻ മരിച്ച ദിവസം മുതൽ പെൻഷൻ അപേക്ഷ സമർപ്പിച്ച തീയതി വരെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ, സർക്കാർ തലത്തിൽ Sanction Order ലഭ്യമാക്കിയാൽ മാത്രമെ മുൻകാല പ്രബല്യത്തോടെ നല്കാൻ സാധിക്കുകയുള്ളു എന്ന് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും അറിഞ്ഞുവെന്നും ആയതിനാൽ ടിയാളുടെ സാഹചര്യം കണക്കിലെടുത്ത് ടി വിഷയം പുനപരിശോധിച്ച് 01.02.2011 മുതൽ 27.09.2017 വരെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണം എന്നും പരാമർശം (4)-ലെ Annexure-8 പ്രകാരം അപേക്ഷിച്ചിരുന്നു.

3. മുൻകാല പ്രാബല്യത്തിൽ കുടുംബ പെൻഷൻ കുടിശ്ശിക ലഭിക്കുന്നതിനുവേണ്ടി ശ്രീമതി.സ്റ്റെഫി ക്രിസ്റ്റിൻ തോമസ് (അപേക്ഷക) പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക്, കുടുംബ പെൻഷൻ ലഭിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ വൈകിയത് പിതാവിന്റെ മരണത്തെ തുടർന്നു ടിയാൾക്ക് ഉണ്ടായ മാനസിക പ്രയാസങ്ങളും മറ്റ് കുടുംബ പ്രശ്നങ്ങളും കാരണമാണ് ടിയാൾ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ മാനുഷിക പരിഗണന നൽകി ടിയാൾക്ക് കുടുംബ പെൻഷൻ കുടിശ്ശിക അനുവദിച്ചു നൽകണമെന്നും ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

4. എന്നാൽ KSR ഭാഗം III ചട്ടം 120 പ്രകാരം പെൻഷൻ അനുവദിയ്ക്കുന്നതിന് മുൻകാല പ്രാബല്യം നൽകണമെങ്കിൽ ആയതിന് വ്യക്തമായ കാരണം ഉണ്ടായിരിക്കണം. മാനസികപ്രയാസങ്ങളും മറ്റ് കുടുംബ സാഹചര്യങ്ങളും കാരണം പെൻഷൻ അനുവദിച്ചു ലഭിക്കുന്നതിനു വേണ്ട പ്രമാണങ്ങൾ സമർപ്പിക്കാൻ കാലതാമസം നേരിട്ടുവെന്നാണ് ടിയാൾ കാരണമായി അപേക്ഷയിൽ ബോധിപ്പിച്ചിരുന്നത്. ഇക്കാരണം കൊണ്ട് മാത്രം കുടിശ്ശിക അനുവദിയ്ക്കുന്നതിന് വേണ്ട പ്രത്യേകാനുമതി നൽകുവാൻ കഴിയില്ലാത്തതിനാൽ ശ്രീമതി. സ്റ്റെഫി ക്രിസ്റ്റിൻ തോമസിന് 01.02.2011 മുതൽ 27.09.2017 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിയ്ക്കുവാൻ നിർവ്വാഹമില്ലായെന്ന് പരാമർശം (3),(5) എന്നിവ പ്രകാരം അപേക്ഷകയെ അറിയിച്ചിരുന്നു.

5. ഇതിനെതിരെ അപേക്ഷക ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1570/2020 കേസിൻമേലുള്ള ബഹു. കോടതി ഉത്തരവിന്റെയും ലഭ്യമായ രേഖകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. സ്പെഷ്യൽ കാറ്റഗറിയായ 25 വയസ്സ് കഴിഞ്ഞ അവിവാഹിതരായ പെൺമക്കൾക്ക് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കുടുംബ പെൻഷൻ അനുവദിക്കുന്നത് എന്നതിനാൽ പെൻഷൻ അനുവദിക്കുന്ന അധികാരി മുമ്പാകെ വർഷം തോറും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. KSR Part III Rule 90(6)-ന് ചുവടെയുള്ള NOTE 5 പ്രകാരം യോഗ്യത സർട്ടിഫിക്കറ്റ് ഉൾപ്പടെ 3 വർഷത്തിന് ശേഷം അപേക്ഷ സമർപ്പിക്കുന്നവർക്ക് യോഗ്യത സർട്ടിഫിക്കറ്റിന്റെ തീയതി മുതലാണ് കുടുംബ പെൻഷന് പ്രാബല്യം. ആയതിനാൽ അവിവാഹിതരായ പെൺമക്കളുടെ വിഭാഗത്തിൽ കുടുംബ പെൻഷന് അർഹത നേടി 3 വർഷത്തിന് ശേഷം അപേക്ഷ സമർപ്പിക്കുന്ന കേസുകളിൽ മുൻകാല പ്രാബല്യത്തിൽ കുടുംബ

പെൻഷൻ അനുവദിക്കുന്നതിന് 2005 (2) KLT 137-ലെ കോടതി ഉത്തരവ് ഈ കേസിൽ ബാധകമാകില്ല. സ്റ്റെഫി ക്രിസ്റ്റിൻ തോമസിന്റെ 30/06/2019-ലെ അപേക്ഷയിൽ, കുടുംബ പെൻഷൻ അപേക്ഷ സമർപ്പിച്ചതിലെ കാലതാമസത്തിനുള്ള കാരണമായി ബോധിപ്പിച്ചിട്ടുള്ളത്, പിതാവിന്റെ മരണത്തെ തുടർന്നുള്ള മാനസിക പ്രയാസവും പ്രശ്നങ്ങളും എന്നാണ്. ആയത് മുൻകാല പ്രാബല്യത്തിൽ കുടുംബ പെൻഷൻ അനുവദിക്കുന്നതിനുള്ള തക്കതായ കാരണമായി പരിഗണിക്കാനാകില്ല എന്നതിനാൽ സ്റ്റെഫി ക്രിസ്റ്റിൻ തോമസിന് എ.ജി. അംഗീകരിച്ച 11/09/2017 മുതലാണ് കുടുംബ പെൻഷന് അർഹതയുള്ളത്. ടി സാഹചര്യത്തിൽ, ടിയാൾക്ക് 01/02/2011 മുതൽ 10/09/2017 വരെയുള്ള കുടുംബ പെൻഷൻ കുടിശ്ശിക അനുവദിക്കാനാകില്ല.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.സ്റ്റെഫി ക്രിസ്റ്റിൻ തോമസ് സമർപ്പിച്ച 30.06.2019-ലെ അപേക്ഷ (Annexure-8) നിരസിച്ചു കൊണ്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10.01.2024-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത ബി
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, തിരുവനന്തപുരം.
ശ്രീമതി. സ്റ്റെഫി ക്രിസ്റ്റിൻ തോമസ്. (ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash.s.s
സെക്ഷൻ ഓഫീസർ
Date: 18-04-2024 11:56:19

പകർപ്പ് :-

ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.
തൊഴിലും നൈപുണ്യവും സെക്രട്ടറിയുടെ പി.എ.
അണ്ടർ സെക്രട്ടറി.